(Pages : 4) **L – 2354**

Reg. No. : 11519132012

Name : Ananthalekshmi S

**Fourth Semester B.A. Degree Examination, May 2021**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course**

**ML 1441 : മലയാളകവിത പൂർവ്വഘട്ടം**

**(2019 Admission - Regular)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. മണിപ്രവാളത്തിന്റെ ലക്ഷണമെന്ത്?

2. പാദാർദ്ധാദി പ്രാസം ഏതാണ്?

3. തിരുനിഴൽമാലയുടെ കർത്താവാര്?

4. ഒരു പ്രാദേശിക ഭാഷയിൽ ആദ്യമുണ്ടായ ഭഗവത്ഗീത പരിഭാഷ ഏതാണ്?

5. ചന്ദ്രവളയം എന്ന ഉപകരണം ഉപയോഗിച്ചുകൊണ്ടു പാടുന്ന കൃതി ഏത്?

6. മണിപ്രവാളത്തെ സംബന്ധിച്ച ആദ്യത്തെ ലക്ഷണശാസ്ത്രഗ്രന്ഥമേതാണ്?

7. ഭാരതമാലയുടെ കർത്താവാര്?

8. കളിപ്പാട്ടു വൃത്തങ്ങൾ ഏവ?

P.T.O.

9. കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥകൾ ഏവ?

10. പ്രാഞ്ജലി ഏതു കൃതിയുടെ വ്യാഖ്യാനമാണ്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. കൃഷിപ്പാട്ടുകൾ.

12. പാട്ടു ഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

13. വീരകഥാഗാനങ്ങൾ.

14. നിരണംകൃതികൾ.

15. പൊയിലം വർണ്ണനയിൽ തെളിയുന്ന കാഴ്ചകൾ എന്തെല്ലാം?

16. സൂര്യൻ തുടങ്ങിന നൽഗ്രഹമോരോരോ

രാശിയിൽ ചെന്നങ്ങു പൂകുമ്പോലെ - എന്തിനെക്കുറിച്ചാണ് കവി പറയുന്നത്?

17. കുങ്കുമത്തിന്റെ ഗന്ധമറിയാതെ

കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം - സാംഗത്യമെന്ത്?

18. സൗവർണ്ണഹംസം ചെയ്തോരു സൗഹൃദമായതു സൗഹൃദമേ - ഹംസം ചെയ്ത സഹായമെന്ത്?

19. വെണ്മണി പ്രസ്ഥാനം - കുറിപ്പെഴുതുക.

20. മയൻ നിർമ്മിച്ച കൊട്ടാരത്തിന്റെ പ്രത്യേകതകളെന്തെല്ലാം?

21. മുക്തക പ്രസ്ഥാനത്തെ പരിചയപ്പെടുത്തുക.

22. സൗവർണ്ണയാം ദ്വാരവതി ദർശിക്കപ്പെട്ടു - പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക.

23. സ്ത്രീപർവ്വം എന്ന പേരിന്റെ ഔചിത്യം പരിശോധിക്കുക.

24. 'യുഗം നാലിലും നല്ലൂ കലിയുഗം' - കാരണമെന്ത്?

25. പ്രാചീനചമ്പുക്കൾ - കുറിപ്പെഴുതുക.

26. 'ഞാനുടക്കിനതിനേണനയനേ, നടമിടെൻ

നാവിലിച്ഛയൊടു വച്ചടിയിണക്കമലതാർ' - വിവക്ഷിതമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

27. എനിക്കിന്നതു കേട്ടിട്ടു ജ്വലിക്കുന്നുണ്ടു കോപം - കോപം ജ്വലിക്കുന്നതാർക്ക്? കാരണമെന്ത്?

28. മഹാകാവ്യത്തിന്റെ സവിശേഷതകൾ ഉമാകേരളത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

29. വിപ്രലംഭശൃംഗാരത്തിന്റെ മനോഹരമായ ആവിഷ്കാരമാണ് ഉണ്ണുനീലിസന്ദേശത്തിലെ പൂർവ്വഭാഗം - പരിശോധിക്കുക.

30. പ്രാചീനചമ്പുക്കളുടെ സവിശേഷതകൾ ഉണ്ണിച്ചിരുതേവി ചരിതത്തിനെ മുൻനിർത്തി പരിശോധിക്കുക.

31. വാസന്തി മധുവാർന്ന വാക്കിന് .... എന്ന് തുടങ്ങുന്ന മുക്തകത്തിന്റെ സാഹിത്യഭംഗ വിശദമാക്കുക.

32. അലങ്കാരവർണ്ണനകളാൽ സമൃദ്ധമാണ് കൃഷ്ണഗാഥ - സമർത്ഥിക്കുക.

33. മദ്ധ്യാഹ്നർക്ക പ്രകാശമിരിക്കവേ

ഖദ്യോതത്തെയോ മാനിച്ചു കൊള്ളേണ്ടു - ആശയമെന്ത്?

34. പൊന്നുവാരികൊടുക്കുന്നധനികന്മാർക്കൊരുകാക്ക

പ്പൊന്നുമാത്രം കാഴ്ചവച്ചുപ്രസാദത്തെവരുത്താമോ - ആശയം വിശദമാക്കുക.

35. ആരോമലാമതിനു താഴ്ചയശേഷമില്ല

സൂരോഗ്രരശ്മികളുമാഴിയോടെന്തെടുക്കും? - ആശയമെന്ത്?

36. വീണിതല്ലോ കിടക്കുന്നിതു ധരണിയിൽ

ശോണിതുമണിഞ്ഞയ്യോ ശിവ!ശിവ! - സന്ദർഭമെഴുതി ആശയം വിശദമാക്കുക.

37. നാളീകനയനനെന്തു തോന്നുന്നോയിന്നു നമ്മോട്!

നാളികം കരിമ്പനമേലെയ്യപോലെയോ - ആശങ്കയ്ക്ക് കാരണമെന്ത്?

38. മുക്തകം എന്നാലെന്ത്? മലയാളത്തിലെ മുക്തകപ്രസ്ഥാനത്തിന്റെ സവിശേഷതകൾ ക്രോഡീകരിക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

39. പാട്ടിന്റെ ലക്ഷണം പൂർണ്ണമായും പിന്തുടരുന്ന കാവ്യമാണോ രാമചരിതം - പരിശോധിക്കുക.

40. പ്രാചീനമണിപ്രവാളകാവ്യങ്ങളെ കേവലം അച്ചീചരിതങ്ങൾ മാത്രമായി അടയാളപ്പെടുത്തുന്നതിന്റെ അനൗചിത്യം ചർച്ച ചെയ്യുക.

41. എഴുത്തച്ഛന്റെ വർണ്ണനാപാടവം സ്ത്രീപർവ്വത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

42. ലോകോക്തികളും തത്ത്വചിന്തയും നർമ്മത്തിലൂടെ അവതരിപ്പിക്കുന്ന രീതിയാണ് നമ്പ്യാർക്കവിതയുടെ സവിശേഷത. സഭാപ്രവേശം തുള്ളലിനെ അടിസ്ഥാനമാക്കി വിലയിരുത്തുക.

43. "കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഒറ്റ കാവ്യം കൊണ്ട് സഹൃദയരുടെ ഹൃദയത്തിൽ ഇടം നേടിയ കവിയാണ് രാമപുരത്തു വാര്യർ." നിരൂപിക്കുക.

44. മധ്യകാല ചമ്പുക്കളുടെ ഭാഷാസവിശേഷതകൾ ഭാഷാനൈഷധം ചമ്പുവിനെ അടിസ്ഥാനമാക്കി വിവരിക്കുക.

**(2 × 15 = 30 Marks)**

(Pages : 4) **L – 2355**

Reg. No. : ..115191320l2..........

Name : ...Ananthalekshmi S...

**Fourth Semester B.A. Degree Examination, May 2021**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course**

**ML 1442 : മലയാളസാഹിത്യനിരൂപണം**

**(2019 Admission - Regular)**

Time : 3 Hours Max. Marks :

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയേത്?

2. സ്വദേശാഭിമാനി എന്ന പേരിൽ അറിയപ്പെട്ട നിരൂപകനാര്?

3. നളിനിയുടെ അവതാരിക എഴുതിയതാര്?

4. ഭാഷാപോഷിണി പ്രസിദ്ധീകരണം ആരംഭിച്ച വർഷം ഏത്?

5. ചിത്രയോഗത്തെക്കുറിച്ച് നിരൂപണമെഴുതിയ കവിയാര്?

6. 'ചിതയിലെ വെളിച്ചം' എന്ന നിരൂപണകൃതിയുടെ കർത്താവ് ആര്?

7. 'ചെറുകഥാ പ്രസ്ഥാനം' എന്ന കൃതിയുടെ കർത്താവാര്?

8. 'കല ജീവിതം തന്നെ' ആരുടെ കൃതിയാണ്?

9. ഏത് മനഃശാസ്ത്രജ്ഞന്റെ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലാണ് എം. ലീലാവ കാവ്യവിശകലനം നടത്തിയത്?

10. 'ധിക്കാരിയുടെ കാതൽ' ആരുടെ നിരൂപണകൃതിയാണ്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "എന്റെ ചങ്ങമ്പുഴയിൽ ചിലപ്പോൾ നിങ്ങളുടെയൊക്കെ ചങ്ങമ്പുഴയും ഉണ്ടാകാം" എന്ന് ശാരദക്കുട്ടി പറയുന്നതിന്റെ യുക്തി എന്ത്?

12. പുരോഗമനസാഹിത്യത്തിന്റെ മൗലിക സിദ്ധാന്തങ്ങളേവ?

13. കേരളവർമ്മയുടെ നിരൂപണത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.

14. സാഹിത്യകൃതിയുടെ അഞ്ചു ഘടകങ്ങൾ ഏവ?

15. സാഹിത്യപഞ്ചാനനന്റെ നിരൂപണത്തിന്റെ സവിശേഷതകൾ ചുരുക്കി പ്രതിപാദിക്കുക.

16. സാഹിത്യത്തെ ഏറെ നേരം സചേതനമാക്കി നിർത്താൻ കഴിയുന്നത് ആർക്കാണെന്നാണ എം.എൻ. വിജയൻ അഭിപ്രായപ്പെടുന്നത്?

17. 'സാഹിത്യത്തിൽ അത്തരം പദങ്ങൾ കള്ളനാണയങ്ങളാണ്' - എത്തരം പദങ്ങ എന്തുകൊണ്ട്?

18. നിരൂപണത്തിന്റെ പ്രയോജനങ്ങളെന്തെല്ലാം?

19. രൂപഭദ്രതാവാദം - കുറിപ്പെഴുതുക.

20. മലയാളത്തിലെ സ്ത്രീവാദനിരൂപണം - കുറിപ്പെഴുതുക.

21. പുരോഗമനസാഹിത്യപ്രസ്ഥാനം - കുറിപ്പെഴുതുക.

22. 'സൂക്ഷ്മമായ അർത്ഥത്തിൽ നിരൂപണം അനുഗ്രഹീതനായ ആസ്വാദകന്റെ ആത്മഗതമാണ്' എന്നു പറയാൻ കാരണമെന്ത്?

23. നിരൂപണരംഗത്തിന് സംഭവിച്ച മാറ്റങ്ങളെ എം.എൻ. വിജയൻ വിലയിരുത്തുന്നതെങ്ങനെ?

24. പ്രതികൂല വിമർശനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

25. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നിരൂപണത്തിന്റെ സവിശേഷതകൾ കുറിപ്പെഴുതുക.

26. എം. തോമസ് മാത്യുവിന്റെ നിരൂപണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. സാഹിത്യത്തിലെ അധികാരങ്ങൾക്കെതിരെ നടന്ന കവിതയിലെ സ്വാതന്ത്ര്യ സമരമായിരുന്നു വാസ്തവത്തിൽ പ്രാസവാദം - നിരൂപിക്കുക.

28. മലയാള സാഹിത്യനിരൂപണത്തിന്റെ വളർച്ചയിൽ വിദ്യാവിനോദിനി വഹിച്ച പങ്ക് - വിവരിക്കുക.

29. "തന്റെ മുക്തി വിദൂരമായ ഈ സുവർണ്ണാനുഭവത്തിലാണെന്ന് കവികൾ കരുതാൻ തുടങ്ങിയിരിക്കുന്നു" എന്ന് എം.എൻ. വിജയൻ സ്ഥാപിക്കുന്നതെങ്ങനെ?

30. പ്രസന്നരാജന്റെ നിരൂപണത്തിന്റെ സവിശേഷതകൾ പ്രതികൂല വിമർശനം : അർത്ഥവും പ്രസക്തിയും എന്ന നിരൂപണ ലേഖനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

31. 'വാല്മീകിക്കും പുരോഗമനസാഹിത്യത്തിനും പ്രചാരോദ്ദേശമുണ്ടെന്ന്' കേസരി പറയുന്നതിന്റെ ഔചിത്യമെന്ത്?

32. സാഹിത്യഭാഷയുടെ സ്വഭാവികതയെക്കുറിച്ചുള്ള മുണ്ടശ്ശേരിയുടെ വാദങ്ങൾ ക്രോഡീകരിക്കുക.

33. നിരൂപണം സർഗ്ഗാത്മക വ്യാപാരത്തോട് അടുത്തു നിൽക്കുന്ന കർമ്മമാണെന്ന എം.കെ. സാനുവിന്റെ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

34. ചങ്ങമ്പുഴയോളം സാധാരണക്കാരന്റെ വികാരങ്ങളിലേക്കും വിഷാദങ്ങളിലേക്കും ഇറങ്ങിച്ചെന്ന കവി വേറെയില്ല എന്നു പറയുന്നതെന്തുകൊണ്ട്?

35. മഞ്ഞിലെ മൃത്യു ദർശനത്തെയും കാലസങ്കല്പത്തെയും കെ.പി. അപ്പൻ അപഗ്രഥിക്കുന്നതെങ്ങനെ?

36. പുരാണ കഥാപാത്രങ്ങളെ മനുഷ്യരായി പുനർവായിക്കുകയാണ് മാരാർ ചെയ്യുന്നത് - ശരിയോ? എന്തുകൊണ്ട്?

37. ശാരദക്കുട്ടിയുടെ ചങ്ങമ്പുഴ വായനയുടെ സവിശേഷതകൾ എന്തെല്ലാം?

38. പ്രതികൂല വിമർശനത്തിന്റെ പ്രസക്തി ചൂണ്ടിക്കാണിക്കാൻ പ്രസന്നരാജൻ നിരത്തുന്ന വാദഗതികൾ ക്രോഡീകരിക്കുക.

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

39. പുരോഗമനസാഹിത്യത്തെക്കുറിച്ച് കേസരിയുടെ കാഴ്ചപ്പാട് വിശദീകരിക്കുക.

40. 'കേരളീയരുടെ ഉള്ളിലെ രാമസങ്കല്പത്തെ പിടിച്ചു കുലുക്കാൻ തക്ക ശക്തമായിരുന്നു മാരാരുടെ വിമർശനം' - വാല്മീകിയുടെ രാമനെ മുൻനിർത്തി പരിശോധിക്കുക.

41. നിരൂപണരംഗത്തിന് സംഭവിച്ച മാറ്റങ്ങളെ എം.എൻ. വിജയൻ വിലയിരുത്തുന്നതെങ്ങനെ?

42. സാഹിത്യനിരൂപണത്തെക്കുറിച്ച് എം.കെ. സാനുവിന്റെ വിലയിരുത്തൽ ക്രോഡീകരിക്കുക.

43. മലയാള സാഹിത്യനിരൂപണത്തിന്റെ വളർച്ചയിൽ ആദ്യകാലപത്രമാസികകൾ വഹിച്ച പങ്ക് വിമർശനദൃഷ്ട്യാ പരിശോധിക്കുക.

44. പൊതുവെ പറഞ്ഞാൽ മനുഷ്യാവസ്ഥയെക്കുറിച്ചുള്ള കാല്പനികധ്യാനങ്ങളാണ് എം.ടി. യുടെ കൃതികൾ എന്ന കെ.പി. അപ്പന്റെ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

(2 × 15 = 30 Marks)

(Pages : 4) L – 2356

Reg. No. : 115191132012

Name : Ananthalekshmi S

# Fourth Semester B.A. Degree Examination, May 2021

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Complementary Course

## ML 1431.1 : ദളിതെഴുത്ത്, പെണ്ണെഴുത്ത് : സിദ്ധാന്തവും ആവിഷ്കാരവും

## (2019 Admission - Regular)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1. എരിയിൽ നിന്നു വിദ്യ പഠിക്കാനെത്തിയ മഹാമാന്ത്രികനാര്?

2. ഫെമിനിസം മുന്നോട്ടു വയ്ക്കുന്ന ദർശനം എന്ത്?

3. 'പാലുവം പെണ്ണിനെത്തേടി' എന്ന പാഠഭാഗം എടുത്തിരിക്കുന്നത് ഏതു പാട്ടിൽ നിന്നാണ്?

4. 'അജ്ഞതയുടെ തൂണിൽ കെട്ടിയിട്ട ഒരു ജന്തുവാണു ഞാൻ' - എന്നു പറയുന്നതിന്റെ സാരമെന്ത്?

5. അന്തർജ്ജനങ്ങൾക്ക് ശീലക്കോണകം അനുവദിക്കുന്നത് എന്തുകൊണ്ടാണ്?

6. ഫെമിനിസ്റ്റ് ബൈബിൾ എന്നറിയപ്പെടുന്ന പുസ്തകം ഏതാണ്?

7. ദലിത് സാഹിത്യം ദലിതുകളുടെ ആത്മബോധത്തിന്റെ പ്രകാശനമാണെന്ന് അഭിപ്രായപ്പെട്ടതാര്?

P.T.O.

8. ജാതിലക്ഷണം എന്ന കൃതി എഴുതിയതാര്?

9. ഒരു നമ്പൂതിരി സ്ത്രീക്ക് സ്വന്തമെന്നു കരുതുവാനുള്ള ഒരേയൊരു സമ്പാദ്യമെന്ത്?

10. സി. അയ്യപ്പന്റെ ആദ്യ കഥാസമാഹാരം ഏതാണ്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ദലിത് സാഹിത്യത്തിന്റെ ധർമ്മമെന്ത്?

12. 'അമ്മ ഒരു കാൽപ്പനിക കവിതയല്ല' എന്ന തലക്കെട്ടിന്റെ സാംഗത്യമെന്ത്?

13. "ഇനിയൊരു ജന്മമുണ്ടെങ്കിൽ എക്കണത്തു ജനിക്കണേ" എന്നു നിത്യവും പ്രാർത്ഥിച്ചത് എന്തുകൊണ്ട്?

14. "പക്ഷേ, കുട്ടികളെങ്ങനെ അതിജീവിക്കാനാണ്." വിവക്ഷിതമെന്ത്?

15. "എല്ലാ വിളക്കുകളുമണഞ്ഞാലീപ്പാതിര

എങ്ങനെയാവുമീ നാട്ടിൽ" - സന്ദർഭമെഴുതുക.

16. "ഞാൻ പോയി വരുവോളമിവിടെ നിക്കുക വേണം" - പറഞ്ഞതാര്? സന്ദർഭമെന്ത്?

17. കഥാഗാനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

18. "ആ ഭാസ്ക്കരനെപ്പോലെ ഇതിലങ്ങു മുഴുകാൻ പറ്റിയിരുന്നെങ്കിൽ - അതെങ്ങനെ? തനിക്ക് പ്രാരാബ്ധങ്ങൾ." ചിന്തിക്കുന്നത് ആര്? എന്തുകൊണ്ട്?

19. സത്യഭാമയുടെ സീരിയൽ നടിയിലേക്കുള്ള പരിവർത്തനത്തിന്റെ പൊരുളെന്ത്?

20. "പെട്ടെന്ന് ബാബുവിനെ കാറിനകത്തേക്ക് വലിച്ചു കയറ്റി ഡോറടഞ്ഞു." സന്ദർഭമെഴുതുക.

21. സോഷ്യലിസ്റ്റ് സ്ത്രീവാദം (Liberal Feminism) എന്താണെന്നു നിർവ്വചിക്കുക.

22. "ഒരു ചൂട്ടു കിട്ടാൻ വല്ല വഴിയുമുണ്ടോ?" ആര് ആരോട് ചോദിച്ചു? എന്തുകൊണ്ട്?

23. "അന്തർജ്ജനങ്ങളുടെ ജീവിതത്തിൽ ഈ കറുകമാലയ്ക്ക് വലിയ പ്രാധാന്യമുണ്ട്" ആശയമെഴുതുക.

24. "ഉർവ്വിയിൽ ശപിക്കപ്പെട്ട സന്തതിയെന്നു നിത്യം

സർവ്വരും പഴിച്ചിടുന്നു കൂസലില്ലാതെ" - വിവക്ഷിതമെന്ത്?

25. "അവരെവിടേങ്കിലും പോയി പണ്ടാരടങ്ങട്ടെ, പെഴച്ച കൂട്ടർ." ആര് ആരോട് പറഞ്ഞു? എന്തുകൊണ്ട്?

26. "ഞാനെന്താ ചെയ്യാ? നിക്കും ആകെ കൊറച്ച് മണ്ണല്ലേയുള്ളൂ?" സന്ദർഭമെഴുതുക.

(8 × 2 = 16 Marks)

III. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

27. മലയാളത്തിലെ സ്ത്രീവാദ കഥകളുടെ ലഘുചരിത്രമെഴുതുക.

28. അരികുവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ദുരന്തം നിരവത്തുകയ്യാണി എന്ന കഥയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

29. എരിയുടെ ജ്ഞാനബോധ്യങ്ങൾ നോവലിന്റെ വിവരണകലയെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

30. അന്തർജ്ജന സമാജത്തിന്റെ പ്രവർത്തനരീതി വിശദീകരിക്കുക.

31. നാടൻ പാട്ടുകളുടെ സവിശേഷതകൾ 'പാലുവം പെണ്ണിനെത്തേടി" എന്ന പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

32. 'കറുത്ത കല്ലി'ൽ പ്രതിഫലിക്കുന്ന ദലിത് സ്വത്വത്തെ വിവരിക്കുക.

33. 'കെട്ടിയിട്ട കോലാട്' എന്ന കവിത ആവിഷ്ക്കരിക്കുന്ന ദുരന്തഹാസ്യം എന്ത്?

34. 'ഇത്തവണ 'രാധ' ' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

35. ദലിത് സാഹിത്യത്തിന്റെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ എന്തെല്ലാം?

36. 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' ആവിഷ്ക്കരിച്ചതെങ്ങനെ?

37. പാരിസ്ഥിതിക സ്ത്രീവാദത്തെ മുൻനിർത്തി വനദുർഗ്ഗ എന്ന കഥയെ വിലയിരുത്തുക.

38. മനഃസാക്ഷിയില്ലാത്ത കാലത്തെയാണ് "നിസ്സഹായന്റെ വിളി" അടയാളപ്പെടുത്തുന്നത് - പരിശോധിക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

39. അന്തർജ്ജനങ്ങൾ ഒരു കാലഘട്ടത്തിൽ അനുഭവിച്ച ജീവിത ദുരന്തമാണ് 'നഷ്ടബോധങ്ങളില്ലാതെ' എന്ന കഥ ആവിഷ്ക്കരിച്ചത് - ചർച്ച ചെയ്യുക.

40. സാമൂഹ്യനവോത്ഥാന ചരിത്രത്തിൽ എരിയെ അടയാളപ്പെടുത്തിയതെങ്ങനെയെന്ന് പരിശോധിക്കുക.

41. തമ്പുരാക്കന്മാരുടെ അതികാമങ്ങൾക്കിരയായ ദലിത് സ്ത്രീകളുടെ ദൈന്യമാണ് നിരവത്തു കയ്യാണി വെളിപ്പെടുത്തിയത്. വിലയിരുത്തുക.

42. ദലിത് സ്വത്വരാഷ്ട്രീയത്തെ ഉത്തരാധുനിക കവിതകളെ മുൻനിർത്തി അപഗ്രഥിക്കുക.

43. സ്ത്രീയുടെ അസംതൃപ്തമായ ജീവിതത്തെയാണ് "പരാജിത" എന്ന കഥ പ്രകാശിപ്പിക്കുന്നത് - വിമർശനബുദ്ധ്യാ പരിശോധിക്കുക.

44. പെണ്ണെഴുത്തിന്റെ ശക്തി സൗന്ദര്യങ്ങളെ കാവ്യപാഠങ്ങളെ മുൻനിർത്തി വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---

(Pages : 4)

Reg. No. : ..115191320 12...

L – 2257

Name : ..................

**Fourth Semester B.A./B.Sc. Degree Examination, May 2021**

**First Degree Programme under CBCSS**

**Language Course – Additional Language - Malayalam**

**ML 1411.1 : ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം**

**(2019 Admission - Regular)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളം ലിപി പ്രത്യക്ഷപ്പെടുന്ന ആദ്യത്തെ അച്ചടിച്ച ഗ്രന്ഥമേത്?

2. സർക്കാർ പരിപാടികളും സേവനങ്ങളും മറ്റും വിദൂരദേശത്തെ കമ്പ്യൂട്ടർ വഴി സാധ്യമാക്കുന്ന പ്രക്രിയ ഏത്?

3. വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതാണു കവിത എന്ന് അഭിപ്രായപ്പെട്ടതാര്?

4. 'ബഹുജനഹിതായ ബഹുജനസുഖായ' എന്ന മുഖവാക്യം ഏതു സ്ഥാപനത്തിന്റേതാണ്?

5. ശരിരൂപം എടുത്തെഴുതുക : സൃഷ്ടാവ് - സ്രഷ്ടാവ്

6. തെറ്റുണ്ടെങ്കിൽ തിരുത്തുക :

   ആ ഓഫീസിൽ ഏകദേശം മുപ്പതോളം ജോലിക്കാരുണ്ട്.

7. വാക്യശുദ്ധി വരുത്തുക - പോലീസുകാരുടെ സഹായത്താൽ കുഴിയിൽ വീണ യുവതിെ ആശുപത്രിയിലെത്തിച്ചു.

8. പ്രതിഭയെ കാരയിത്രി, ഭാവയിത്രി എന്നിങ്ങനെ വിഭജിച്ച കാവ്യമീമാംസകനാര്?

P.T.O.

Governe

9. ഭാവഗീതത്തോടടുത്തു നില്ക്കുന്ന ഗദ്യസാഹിത്യരൂപമായി എം.ടി. കണക്കാക്കുന്നതെന്ത്?

10. മലയാളശൈലി എന്ന ഗ്രന്ഥം രചിച്ചതാര്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. സ്രോതഭാഷ, ലക്ഷ്യഭാഷ എന്നിവ അർത്ഥമാക്കുന്നതെന്ത്?

12. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് എന്നാലെന്ത്?

13. ഭാരതീയസങ്കല്പമനുസരിച്ച് ഒരാളെ കാവ്യരചനയ്ക്കു പ്രാപ്തമാക്കുന്ന ഘടകങ്ങൾ ഏവ?

14. ലിപ്യന്തരണം (Transliteration) എന്നാലെന്ത്?

15. വേൾഡ് വൈഡ് വെബ് എന്നാലെന്ത്?

16. ശൈലികൾ വിവർത്തനം ചെയ്യുമ്പോൾ സ്വീകാര്യമായ സമീപനമെന്ത്?

17. പ്രതിഭയെ ഭാരതീയ കാവ്യശാസ്ത്രജ്ഞർ നിർവ്വചിക്കുന്നതെങ്ങനെ?

18. താനെഴുതുന്നത് എന്തിനുവേണ്ടിയാണെന്നാണ് എം.ടി. കാഥികന്റെ പണിപ്പുരയിൽ അവകാശപ്പെടുന്നത്?

19. പദാനുപദവിവർത്തനം എന്നാലെന്ത്? ഇത് ആവശ്യമായ സന്ദർഭങ്ങൾ ഏവ?

20. ആന്തരികവിനിമയം (Intrapersonal Communication) എന്നാലെന്ത്?

21. സൈബർ സാഹിത്യം എന്നാലെന്ത്? ഇതിന് ഇ-സാഹിത്യത്തിൽ നിന്നുള്ള വ്യത്യാസമെന്ത്?

22. മൂന്നിലൊന്നായി സംഗ്രഹിക്കുക.

മലയാളത്തിലെ ആദ്യ ചലച്ചിത്രം ഏതാണ്? ഈ ചോദ്യത്തിനു ചരിത്രത്താളുകൾ മറിക്കുമ്പോൾ ലഭിക്കുന്ന ഉത്തരം വിഗതകുമാരൻ. ഈ ചിത്രത്തിന്റെ പ്രിന്റ് ഇന്ന് എവിടെയും ലഭ്യമല്ല. 1928ൽ, പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന അഗസ്തീശ്വരത്ത് ഒരു സമ്പന്നകുടുംബത്തിൽ ജനിച്ച ജെ.സി. ഡാനിയേലാണ് കളരിപ്പയറ്റിനും കുടുംബബന്ധങ്ങൾക്കും പ്രാധാന്യം നല്കി വിഗതകുമാരൻ നിർമ്മിച്ചത്. തന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ ഇത്തരമൊരു സംരംഭത്തിനിറങ്ങിയതുമൂലം മലയാളചലച്ചിത്ര മാധ്യമത്തിലെ ഈ കാരണവർക്ക് സ്വന്തമായുണ്ടായിരുന്ന വിലപിടിപ്പുള്ള കൃഷിഭൂമിയടക്കം സമസ്തവും വില്ക്കേണ്ടിവന്നു. മലയാളത്തിലെ ആദ്യ ചലച്ചിത്രത്തിന്റെ ഉടമയെന്ന ഖ്യാതി മാത്രം ബാക്കിയായി.

23. ഡിജിറ്റൽ ഡിവൈഡ് എന്ന പ്രയോഗം അർത്ഥമാക്കുന്നതെന്ത്?

24. വിക്കിപ്പീഡിയ എന്നാലെന്ത്?

25. കഥ സന്മാർഗ്ഗം പഠിപ്പിക്കുന്നതിനെക്കുറിച്ച് എം.ടി.യുടെ വീക്ഷണമെന്ത്?

26. യുണികോഡിന്റെ പ്രയോജനമെന്ത്?

(8 × 2 = 16 Marks)

III. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

27. യുവസുഹൃത്തായ കാഥികനോട് എം.ടി. പങ്കുവയ്ക്കുന്ന എഴുത്തിന്റെ രഹസ്യങ്ങൾ ഏവ?

28. കവിതാവിവർത്തനം നേരിടുന്ന പ്രശ്നങ്ങൾ ഏവ?

29. വാമൊഴി, വരമൊഴി, തിരമൊഴി, എന്നിങ്ങനെ ആശയവിനിമയചരിത്രത്തെ വിഭജിക്കുന്നതിന്റെ യുക്തിയെന്ത്?

30. ആശയവിപുലനം ചെയ്യുക.

ഇന്നലെച്ചെയ്തോരബദ്ധം മൂഢർ-

ക്കിന്നത്തെയാചാരമാവാം

നാളത്തെ ശാസ്ത്രമതാവാം ഇതിൽ

മൂളായ്ക സമ്മതം രാജൻ

31. ബ്ലോഗ് എന്നാലെന്ത്? മലയാളം ബ്ലോഗുകളെ പരിചയപ്പെടുത്തുക.

32. വാർത്ത റിപ്പോർട്ടു ചെയ്യുകയല്ല, നിർമ്മിക്കുകയാണ് സത്യാനന്തരകാലത്തെ മാധ്യമങ്ങൾ. പരിശോധിക്കുക.

33. രാജലക്ഷ്മിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് എം.ടി. പ്രതിപാദിക്കുന്നതെന്തെല്ലാം?

34. ചിഹ്നനം എന്നാലെന്ത്? ഭാഷയിലെ പ്രധാന ചിഹ്നങ്ങളും അവ പ്രയോഗിക്കുന്ന സന്ദർഭങ്ങളും വ്യക്തമാക്കുക.

35. ആശയവിനിമയപ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ഏവ? വിശദമാക്കുക.

36. ഇ-പത്രം അഥവാ ഇ-പേപ്പർ നല്കുന്ന വിനിമയസാധ്യതകൾ പരിശോധിക്കുക.

37. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.

Electric vehicles are a great way not only to save money, but also to contribute towards a healthy and stable environment. Petrol or diesel driven vehicles produce a lot of carbon emissions that pollute the atmosphere. Electric vehicles, on the other hand, get their power from rechargeable batteries installed inside them. They are entirely charged by the electricity provided, making them cheaper to run than conventional vehicles.

38. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.

കഴിഞ്ഞ കുറേ നാളുകളായി വീട്ടുപകരണങ്ങളും പക്ഷിമൃഗാദികളും എന്നോടു സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. എനിക്കാണെങ്കിൽ ഇതിനോടൊക്കെ അങ്ങോട്ടും സംസാരിക്കാൻ സാധിക്കുന്നുണ്ട്. ഒറ്റക്കുഴപ്പമേയുള്ളൂ. ഞാൻ അങ്ങോട്ടു സംസാരിക്കുന്നതു മാത്രമാണു പുറത്തു കേൾക്കുക. ഞാൻ ഒറ്റയ്ക്കു വർത്തമാനം പറയുന്നെന്നു മറ്റുള്ളവർ ധരിക്കുന്നതിൽ പിന്നെന്താണു തെറ്റ്?

(6 × 4 = 24 Marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതകളും പരിമിതികളും വിശകലനം ചെയ്യുക.

40. സർഗ്ഗാത്മകരചനകളുടെ വിവർത്തനത്തിൽ പ്രസക്തമായ സമീപനങ്ങൾ ഏവ? മാതൃകകളെ മുൻനിർത്തി വിശദമാക്കുക.

41. പരിസ്ഥിതിസാക്ഷരതയുടെ പ്രസക്തിയെക്കുറിച്ച് ഉപന്യസിക്കുക.

42. കഥാരചനയുടെ പശ്ചാത്തലചരിത്രത്തെ എം.ടി. നിന്റെ ഓർമ്മയ്ക്ക് എന്ന ചെറുകഥയെ മുൻനിർത്തി വിശദമാക്കുന്നതെങ്ങനെ?

43. മാധ്യമങ്ങൾ മലയാളിയുടെ സംസ്കാരത്തെ നവീകരിച്ചതെങ്ങനെ?

44. സൈബർമലയാളത്തിന്റെ സമകാലികാവസ്ഥയെക്കുറിച്ചു വിവരിക്കുക.

(2 × 15 = 30 Marks)

---